ഉത്തരം

(എ) സി.പി.ഐ.(എം) ഉം ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗും കക്ഷികളായിരുന്നു.

(ബി) സംഭവവുമായി ബന്ധപ്പെട്ട് 60 പേരെ അറസ്റ്റ്ചെയ്തിട്ടുണ്ട്.

(സി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) അത്തരം ഒരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

85 (2396) കൃത്രിമരേഖയുണ്ടാക്കി എസ്.ബി.ടി.യിൽനിന്നും പണം അപഹരിച്ച കേസ്സ്

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നഗരസഭയിലെ 9-ാം വാർഡ് എ.ഡി.എസ്. ചെയർപേഴ്സൺ എസ്.ബി.ടി.യിൽനിന്നും കൃത്രിമരേഖയുണ്ടാക്കി ഒരു ലക്ഷത്തിഅറുപതിനായിരം രൂപ അപഹരിച്ചത് സംബന്ധിച്ച് നെടുമങ്ങാട് പോലീസ് എന്തെങ്കിലും കേസ്സ് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് കേസ്സ് എടുത്തത്;

(ബി) പാവപ്പെട്ട സ്ത്രീകളിൽനിന്നും പിരിച്ചെടുത്ത തുക മടക്കിക്കൊടുക്കുവാനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാനും കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കുമോ;

(സി) എ.ഡി.എസ്.ന്റെ പ്രവർത്തനത്തെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ 11-3-2000-ൽ ക്രൈം 118/2000 യു.എസ്. 406 ഐ.പി.സി. പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രതിയായി പറയുന്ന എ.ഡി.എസ്. ചെയർ പേഴ്സൺ ശ്രീമതി ശാന്തകുമാരി ഒളിവിലാണ്.

(സി) ആവശ്യമെന്ന് കണ്ടാൽ പരിഗണിക്കുന്നതാണ്.

86 (2397) മാനന്തവാടിയിൽ നിലവിലുണ്ടായിരുന്ന സബ്ജയിൽ തുറക്കാൻ നടപടി

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടിയിൽ ഒരു സബ്ജയിൽ പ്രവർത്തിച്ചിരുന്നുവോ; അതിന്റെ പ്രവർത്തനം നിലച്ച് അടച്ചിട്ടിരിക്കുകയാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സബ്ജയിൽ തുറന്ന് പ്രവർത്തിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; എന്നത്തേയ്ക്ക് ഈ ജയിൽ തുറന്ന് പ്രവർത്തിപ്പിക്കാനാകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രവർത്തിച്ചിരുന്നു. അതിന്റെ പ്രവർത്തനം നിർത്തി അടച്ചിട്ടിരിക്കുകയാണ്.

(ബി) മാനന്തവാടി താലൂക്ക് ഓഫീസറുമായി ബന്ധപ്പെട്ട കെട്ടിടത്തിലാണ് മാനന്തവാടി സബ്ജയിൽ പ്രവർത്തിച്ചുവന്നത്. ജയിലിനാവശ്യമായ ചുറ്റുമതിലോ സുരക്ഷാ സൗകര്യങ്ങളോ ഇല്ലാത്തതിനാൽ തടവുചാട്ടം സാധാരണ സംഭവമായ സാഹചര്യത്തിൽ 12-8-95 മുതൽ ടി ജയിൽ അടച്ചിട്ടിരിക്കുകയാണ്. പുതിയ സബ്ജയിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി പരിശോധനയിലാണ്.

87 (2398) കാർ മോഷണംപോയ സംഭവം

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എം.എൽ.എ. എസ്.ആർ. തങ്കരാജിന്റെ മകളുടെ വീട്ടിൽനിന്നും സമീപകാലത്ത് കാർ മോഷണംപോയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം ആണ് കേസ്സ് ചാർജ്ജ് ചെയ്തിട്ടുള്ളത്;

(സി) എത്ര പ്രതികളെ പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് നാളിതുവരെ അറസ്റ്റുചെയ്തിട്ടുണ്ട്; ആരൊക്കെയാണ് പ്രതികളെന്ന് വെളിപ്പെടുത്തുമോ;

(ഡി) കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി വെളിപ്പെടുത്തുമോ;

(ഇ) മോഷണംപോയ പ്രസ്തുത കാർ കണ്ടെത്തുന്നതിന് പ്രത്യേക പരിശീലനം നേടിയിട്ടുള്ള പ്രഗൽഭരായ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 386/99 യു/എസ്. 379/34 ഐ.പി.സി. പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) മൂന്നു പ്രതികളിൽ ഒരു പ്രതിയെ അറസ്റ്റു ചെയ്തിട്ടുണ്ട്. അനിൽകുമാർ, ക്രിസ്തുദാസ്, പത്മനാഭിട്ടക്കാരൻ കണ്ടാലറിയാവുന്ന ഒരാൾ എന്നിവരാണ് പ്രതികൾ.

(ഡി)&(ഇ) നെയ്യാറ്റിൻകര ഡിവൈ.എസ്.പി., സി.ഐ., എന്നിവരുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം ത്വരിതപ്പെടുത്തി പ്രതികളെ അറസ്റ്റുചെയ്യുന്നതിനും മോഷണ മുതൽ വീണ്ടെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly